പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2959      12.10.2011- ൽ മറുപടിയ്ക്ക്

മലബാറി ആടുകളുടെ വ്യാപനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി..എസ്. സുനിൽ കുമാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |
| (എ) മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടു കൂടി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാർ പങ്കാളിത്തത്തോടു കൂടി പല പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത തുടർ പദ്ധതികൾ, ആർ.കെ.വി.വൈ, കുട്ടനാട്, ഇടുക്കി പാക്കേജ്, വിദർഭ പാക്കേജ്, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയാണ് എടുത്തു പറയത്തക്ക പദ്ധതികൾ. ഇതുകൂടാതെ നബാർഡ് മുഖേന കർഷകർക്ക് ബാങ്ക് വായ്പയിലൂടെ ധനസഹായം ലഭിക്കുന്ന പദ്ധതികളും നടപ്പാക്കി വരുന്നു. ആട് വളർത്തൽ, പശു വളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ, പോത്തു വളർത്തൽ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ പദ്ധതികൾ കേന്ദ്രം ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) കേരളത്തിന്റെ തനത് ഇനമായ മലബാറി ആടുകളുടെ വ്യാപനത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; | (സി) സംസ്ഥാന പദ്ധതി വിഹിതത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മലബാറി ഇനത്തിനെ വളർത്തുന്നതിന് ഊന്നൽ നൽകിയും |

(—2)

സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അഞ്ച് പെണ്ണാടുകൾ അടങ്ങുന്ന ഒരു സാറ്റലൈറ്റ് യൂണിറ്റിന് 5000 രൂപയാണ് ധനസഹായം നൽകുന്നത്. ഇപ്രകാരം 300 സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു .ഇത് കൂടാതെ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം രണ്ട് ആടും, ഒരു പശുവും വീതം വനിതകൾ മുഖേന വളർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 25000 രൂപ വീതം ധനസഹായം നൽകി 400 യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്ര വികസന പരിപാടി (100% കേന്ദ്രാവിഷ്കൃത പദ്ധതി) - ഈ പദ്ധതിയിലൂടെ മലബാറി ഇനത്തിൽപ്പെടുന്ന ആടുകളുടെ വംശവർദ്ധനവിനായി കൃത്രിമ ആട് ബീജം ഉപയോഗിച്ച് കൃത്രിമ ബീജാധാനശൃംഖല സൃഷ്ടിക്കുവാനും ശക്തിപ്പെടുത്തുന്നതിനും കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് മുഖേന നടപ്പാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി കേന്ദ്രം 144.87 ലക്ഷം രൂപ അനുവദിക്കുകയും ഇതിന്റെ ആദ്യ രണ്ട് ഗഡുക്കളായി 94.87 ലക്ഷം രൂപ കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന് നൽകിക്കഴിഞ്ഞു . ഇതു കൂടാതെ കുട്ടനാട് ഇടുക്കി പദ്ധതികളിൽ 34000 എണ്ണം ആടുകളെ വിതരണം ചെയ്യുന്നതിന്

→ 3

ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതികളിൽ മലബാറി ആടുകളെയും വിതരണം ചെയ്യുന്നതാണ്.

(ഡി) കയ്പമംഗലം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) ഈ സാമ്പത്തിക വർഷം മലബാറി ആടുകളുടെ വ്യാപനത്തിന് തൃശ്ശൂർ ജില്ലയെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, 2010-2011 സാമ്പത്തിക വർഷം മലബാറി ആടുകളുടെ വ്യാപനത്തിന് എടവിലങ്ങ് പഞ്ചായത്തിനെ ഉൾപ്പെടുത്തി 30 ഗുണഭോക്താക്കൾക്ക് 5 പെണ്ണാട് വീതം വിതരണം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ 2010-2011 സാമ്പത്തിക വർഷം എസ്.സി.എ/എസ്.സി.പി പദ്ധതിയിൽ പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റിന് 2 പെണ്ണാട് വീതം എടത്തുരുത്തി, കയ്പമംഗലം, ഏറിയാട്, എന്നീ പഞ്ചായത്തുകളിൽ 5 യൂണിറ്റ് വീതം വിതരണം നടത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ ഫാമിംഗിൽ ഉൾപ്പെടുത്തി മതിലകം പഞ്ചായത്തിലെ 5 വനിതാ കുടുംബശ്രീ അംഗങ്ങൾക്ക് രണ്ട് ആട് വീതം കഴിഞ്ഞ സാമ്പത്തിക വർഷം നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ